3753
31/3/15

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - സംയോജിത ശിശുസംരക്ഷണ പദ്ധതി - 2014-15 സാമ്പത്തിക വർഷത്തെ കേന്ദ്ര വിഹിതം റ്റി.എസ്.ബി അക്കൗണ്ടിലേയ്ക്ക് മാറ്റിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

സാമൂഹ്യനീതി (എ) വകുപ്പ്

സ.ഉ. (സാധാ) നം. 201/2015/സാ.നീ.വ. തീയതി, തിരുവനന്തപുരം: 28.03.2015.

==========================================================================

പരാമർശം:- സാമൂഹ്യനീതി ഡയറക്ടറുടെ 17.03.2015-ലെ ഐ.സി.പി.എസ്.4/31862/14 നമ്പർ കത്ത്.

## ഉത്തരവ്

സംയോജിത ശിശുസംരക്ഷണ പദ്ധതിയ്ക്ക് നടപ്പ് സാമ്പത്തിക വർഷം സംസ്ഥാന വിഹിതമായി ലഭിച്ച 15 കോടി രൂപയിൽ ചെലവായ 4,58,71,642/- രൂപ കഴിച്ച് 10,41,28,358/- രൂപ മാത്രമാണ് '2235-02-102-61(പി) 34 ഒ.സി.' ശീർഷകത്തിൽ ബാക്കി നിൽക്കുന്നതെന്നും ടി തുക കേന്ദ്ര വിഹിതമായി കണക്കാക്കി റ്റി.എസ്.ബി അക്കൗണ്ടിലേയ്ക്ക് മാറ്റാവുന്നതാണെന്നും എന്നിരുന്നാലും 1,60,34,111/- രൂപ കൂടി അധികമായി ലഭിച്ചാൽ മാത്രമേ കേന്ദ്ര വിഹിതം പൂർണ്ണമായും റ്റി.എസ്.ബി അക്കൗണ്ടിലേയ്ക്ക് മാറ്റാനാകൂ എന്നും പദ്ധതി നടത്തിപ്പിനായി ലഭിക്കേണ്ട സംസ്ഥാന വിഹിതമായ 5,85,69,673/- രൂപ ശീർഷകത്തിൽ ബാലൻസ് ഇല്ലാത്തതിനാൽ ഇ.എൽ.എ അക്കൗണ്ടിലേയ്ക്ക് മാറ്റാനാകാത്ത സാഹചര്യമാണ് നിലനിൽക്കുന്നതെന്നും ആയതിനാൽ ടി ശീർഷകത്തിൽ അവശേഷിക്കുന്ന 10,41,28,358/- രൂപ സംയോജിത ശിശുസംരക്ഷണ പദ്ധതിയുടെ 2014-15-ലെ കേന്ദ്ര വിഹിതമായി ഈ വകുപ്പിന്റെ റ്റി.എസ്.ബി അക്കൗണ്ട് ആയ 14907-ലേക്ക് മാറ്റുന്നതിന് അനുമതി നൽകണമെന്നും പരാമർശ കത്ത് പ്രകാരം സാമൂഹ്യനീതി ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സംയോജിത ശിശുസംരക്ഷണ പദ്ധതിയുടെ 2014-15 സാമ്പത്തിക വർഷത്തെ കേന്ദ്ര വിഹിതമായ 10,41,28,358/- രൂപ (പത്ത് കോടി നാല്പത്തിയൊന്ന് ലക്ഷത്തി ഇരുപത്തെണ്ണായിരത്തി മുന്നൂറ്റി അൻപത്തിയെട്ട് രൂപ മാത്രം) '2235-02-102-61(പി)34 ഒ.സി.' ശീർഷകത്തിൽ നിന്നും റ്റി.എസ്.ബി അക്കൗണ്ടിലേയ്ക്ക് (റ്റി.എസ്.ബി അക്കൗണ്ട് നമ്പർ 14907) മാറ്റുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
**എ.ഷാജഹാൻ**
സ്പെഷ്യൽ സെക്രട്ടറി

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരള, തിരുവനന്തപുരം.
ജില്ലാ ട്രഷറി, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (25947/ ഡബ്ല്യൂ.ഡബ്ല്യൂ.2/2015/ധന നമ്പർ അനൗദ്യോഗിക കുറിപ്പ് പ്രകാരം)
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,
Jayasree
സെക്ഷൻ ഓഫീസർ.